"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക കാറ്റഗറി II വിഭാഗത്തിലേക്ക് ഉയർത്തി ശമ്പളം പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1027/2026/LSGD തീയതി,തിരുവനന്തപുരം, 17-05-2026

---

പരാമർശം:-
1. സ.ഉ.(പി) നം. 501/2005/ധന. തീയതി 25.11.2005.
2. സ.ഉ.(പി) നം. 27/2021/ഫിൻ. തീയതി 10.02.2021.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.12.2025 ലെ LSGD/PD/19409/2025-DEF5 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ത്രേസ്യാമ്മ ബേബിക്ക് നിലവിൽ പഞ്ചായത്ത് ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയയിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ, ടിയാൾക്ക് കാറ്റഗറി-II ൽ ഉൾപ്പെടുത്തി ശമ്പളം പുനർനിർണയിച്ചു നൽകുന്നതിനായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (2) ഉത്തരവ് പ്രകാരം 400-800 Sq.m സ്വീപ്പിംഗ് ഏരിയ ഉള്ള പഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാരെ കാറ്റഗറി II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരം കാറ്റഗറി 3 ൽ ഉൾപ്പെട്ട് 11,500/- - 18,940/- ശമ്പള സ്കെയിലിൽ ജോലി ചെയ്തു വരുന്ന ശ്രീമതി ത്രേസ്യാമ്മ ബേബിക്ക് പഞ്ചായത്ത് ബിൽഡിങ്ങിന്റെ സ്വീപ്പിംഗ് ഏരിയ 544.6 Sq.m എന്ന് നിർണ്ണയിച്ച് നൽകിയിട്ടുള്ളതിനാൽ ശമ്പളം കാറ്റഗറി 2 ഉൾപ്പെടുത്തി പുനർനിർണ്ണയിച്ച് നൽകുന്നതിനായാണ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയ നിലവിൽ 544 ച. മീറ്റർ ആണെന്ന് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളതിനാൽ ടി ഓഫീസിൽ നിലവിൽ അനുവദിച്ചിട്ടുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തിക കാറ്റഗറി II വിഭാഗത്തിലേക്ക് ഉയർത്തുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി പ്രാബല്യത്തിൽ ശ്രീമതി ത്രേസ്യാമ്മ ബേബിക്ക് ശമ്പളം പുനർനിർണയിച്ച് നൽകുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ് (31.03.2026ലെ ധെവ-1/1/2026/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(258/ഇപിഎ2/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 18-05-2026 12:11:57

സെക്ഷൻ ഓഫീസർ